കേരള സർക്കാർ

സംഗ്രഹം

സാമൂഹ്യനീതി വകുപ്പ് - 1 ലക്ഷം രൂപാ കുടുംബവാർഷിക വരുമാനപരിധിയുള്ള പെൻഷൻ വാങ്ങുന്നവർക്കും സാമൂഹ്യക്ഷേമ പെൻഷന് അർഹത സംബന്ധിച്ച് വ്യക്തത വരുത്തി ഭേദഗതി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

സാമൂഹ്യനീതി (സി) വകുപ്പ്

സ.ഉ(എം.എസ്.) നം.3/2016/സാനീവ തിരുവനന്തപുരം, തീയതി,30.01.2016

---

പരാമർശം : 1. 20.06.2014 ലെ ജി.ഒ(എം.എസ്) 52/14/സാനീവ നമ്പർ ഉത്തരവ്

2. 12.2.2015 ലെ ജി.ഒ (എം.എസ്) 8/15/സാനീവ നമ്പർ ഉത്തരവ്.

3. സാമൂഹ്യനീതി വകുപ്പ് ഡയറക്ടറുടെ 11.08.2015 ലെ ജി4/25740 നം. കത്ത്.

## ഉത്തരവ്

സാമൂഹ്യസുരക്ഷാ പെൻഷനുകളുടെയെല്ലാം അർഹതയ്ക്കുള്ള കുടുംബവാർഷിക വരുമാന പരിധി 1 ലക്ഷം രൂപയായി നിശ്ചയിച്ച് പരാമർശം (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. മറ്റു പെൻഷനുകൾ ലഭിക്കുന്നവർക്കും ഒരു ലക്ഷം രൂപാ വരുമാനപരിധിക്കുള്ളിലാണെങ്കിൽ പെൻഷൻ അനുവദിക്കാവുന്നതാണെന്നും ടി ഉത്തരവിൽ വ്യക്തമാക്കിയിരുന്നു. മറ്റു പെൻഷൻ ലഭിക്കുന്ന വ്യക്തികൾക്കും നിശ്ചിതവരുമാന പരിധിക്കുള്ളിലാണെങ്കിൽ സാമൂഹ്യസുരക്ഷാ പെൻഷനുകളിൽ ഏതെങ്കിലും ഒന്ന് ലഭിക്കുന്നതിനുള്ള അർഹതയുണ്ടായിരിക്കും എന്നും ആയത് ഏത് സുരക്ഷാ പെൻഷൻ ആണെന്നത് ഗുണഭോക്താവിന് തെരഞ്ഞെടുക്കാവുന്നതാണെന്നും വ്യക്തമാക്കി പരാമർശം (2) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

2. മറ്റു പെൻഷൻ എന്നതിൽ ഏതൊക്കെ പെൻഷനുകൾ ഉൾപ്പെടുമെന്നും, സാമൂഹ്യക്ഷേമ പെൻഷന് അർഹത ഏതൊക്കെ പെൻഷൻ ഗുണഭോക്താക്കൾക്ക് ലഭിക്കുമെന്നും സംബന്ധിച്ച് നിരവധി സംശയങ്ങൾ സമീപകാലത്ത് ഉയർന്നിട്ടുണ്ട്. ആയതിന് സ്പഷ്ടീകരണം നൽകണമെന്ന് പരാമർശത്തിലെ കത്തു പ്രകാരം സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ അഭ്യർത്ഥിച്ചിരിക്കുന്നു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. EPF പെൻഷൻ, വിവിധ ക്ഷേമനിധി ബോർഡ് പെൻഷനുകൾ, കർഷകത്തൊഴിലാളി/ കർഷക പെൻഷൻ ഗുണഭോക്താക്കൾ, ഹോണറേറിയം/പെൻഷൻ കൈപ്പറ്റുന്ന അംഗൻവാടി ജീവനക്കാർ, ഹോണറേറിയം വാങ്ങുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ തെരഞ്ഞെടുക്കപ്പെട്ട

അംഗങ്ങൾ, ഒരു സാമൂഹ്യക്ഷേമ പെൻഷൻ കൈപ്പറ്റുന്നവർ, ഗ്രാന്റ് ലഭിക്കുന്ന അനാഥ/അഗതി/വൃദ്ധമന്ദിരങ്ങൾ/ക്ഷേമസ്ഥാപനങ്ങളിലെ അന്തേവാസികൾ ഇവർക്ക് അർഹതാമാനദണ്ഡങ്ങൾക്ക് വിധേയമായി ഏതെങ്കിലും ഒരു സാമൂഹ്യക്ഷേമ പെൻഷനുകൂടി അർഹതയുണ്ടായിരിക്കും എന്നു വ്യക്തത വരുത്തി ഉത്തരവു പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

എ. ഷാജഹാൻ
സെക്രട്ടറി

സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ &ഇ) കേരള, തിരുവനന്തപുരം
ലാന്റ് റവന്യൂ കമ്മീഷണർ
എല്ലാ ജില്ലാ കളക്ടർമാർക്കും
ഡയറക്ടർ, കില, മുളകുന്നത്തുകാവ്, തൃശ്ശൂർ
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
തദ്ദേശ സ്വയംഭരണ വകുപ്പ്
ഇൻഫർമേഷൻ ഓഫീസർ, വെബ് &ന്യൂ മീഡിയ വിഭാഗം , വിവര പൊതുജന സമ്പർക്ക വകുപ്പ്
(വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി )
കരുതൽ ശേഖരം/ഓഫീസ് പകർപ്പ്

സാമൂഹ്യനീതി വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ